വന്നെങ്കിലും ഇന്ന് വികസന പ്രവർത്തനങ്ങൾ, ആവശ്യത്തിനു ആഫീസുകൾ നിലവിൽ ഇല്ലാത്തതുകൊണ്ടും ആഫീസുകളിൽ പൂർണ്ണമായി സ്റ്റാഫിനെ നിയമിക്കാത്തതുകൊണ്ടും ഇപ്പോഴും മുടങ്ങിക്കിടക്കുന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ട് ജില്ലാ ആഫീസുകളിൽ പൂർണ്ണമായി സ്റ്റാഫിനെ നിയമിക്കാനുള്ള അടിയന്തിര നടപടിയെടുക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, നമ്മുടെ സംസ്ഥാനത്ത് ജില്ലകൾ രൂപീകരിച്ചതിൽ ഏറ്റവും വേഗത്തിൽ കൂടുതൽ ആഫീസുകൾ അനുവദിച്ചത് കാസർകോട് ജില്ലയ്ക്കാണ്. ആദ്യം പത്ത് ആഫീസുകൾ അനുവദിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഉൾപ്പെടെ ഒൻപത് ആഫീസുകൾ അനുവദിച്ചു. ബാക്കിയുള്ള ആഫീസുകൾ അനുവദിക്കുന്നതു സംബന്ധിച്ചുള്ള നടപടികൾ മുന്നോട്ടുനീങ്ങുകയാണ്. കാസർകോട് ജില്ലയെസംബന്ധിച്ചിടത്തോളം പറഞ്ഞാൽ വളരെയധികം പിന്നോക്കാവസ്ഥയിൽ കിടക്കുന്ന പ്രദേശങ്ങൾ അടങ്ങുന്ന ജില്ലയാണ്. ആ ജില്ലയുടെകാര്യങ്ങൾ മറ്റുള്ള ജില്ലകളിൽ നിന്നും വ്യത്യസ്തമായി, പ്രത്യേകമായി ശ്രദ്ധിച്ചു ചെയ്യേണ്ടതാണെന്നുള്ള കാര്യത്തിൽ രണ്ട് അഭിപ്രായം ഉണ്ടാകേണ്ട കാര്യമില്ല. ജില്ലാ ആശുപത്രിയുടെ കാര്യത്തിലും മറ്റ് ആഫീസുകൾ സ്ഥാപിക്കുന്ന കാര്യത്തിലും സത്വരമായ നടപടി സ്വീകരിക്കാം. പുതിയ ഡിസ്ട്രിക്റ്റ് ആഫീസുകൾ കാസർകോടിൽ സ്ഥാപിച്ചിട്ടില്ലെങ്കിലും ആ ആഫീസുകളൊക്കെ ഇപ്പോഴും ആ അതിർത്തി ഉൾക്കൊണ്ടുകൊണ്ടു കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുകയാണ്. ആ ആഫീസുകൾ കഴിയുന്നതും വേഗം കാസർകോട്ടേയ്ക്ക് മാറ്റണമെന്ന ആഗ്രഹമുണ്ട്. അതിനാവശ്യമായ സത്വര നടപടിസ്വീകരിക്കും. സ്റ്റേറ്റിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് വേണ്ട നടപടി സ്വീകരിക്കാം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇതിൽ വളരെയധികം താല്പര്യമുണ്ട്.

(2) ആര്യനാട്ടും മറ്റും പ്രതിപക്ഷ പ്രവർത്തകർ നേരിടുന്ന പീഡനങ്ങൾ

ശ്രീ. കെ. പങ്കജാക്ഷൻ : സർ, ഞാൻ പ്രതിനിധീകരിക്കുന്ന ആര്യനാട് മണ്ഡലത്തിൽ പലസ്ഥലങ്ങളിലും സാമൂഹ്യവിരുദ്ധരിൽനിന്നും പോലീസിൽനിന്നും പ്രതിപക്ഷപ്രവർത്തകർക്ക് നേരിടുന്ന മർദ്ദനങ്ങളുടേയും കള്ളക്കേസുകളുടേയും കാര്യം ആഭ്യന്തരമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. മുൻ പഞ്ചായത്ത് പ്രസിഡന്റ് ആയ ആൽബർട്ടിനെ ആര്യനാടുള്ള ചില ആളുകൾ കാറിൽ ബലമായി കയറ്റിക്കൊണ്ടുപോയി മർദ്ദിച്ചിട്ട് വിതുരയിൽ കൊണ്ട് വിട്ടു. പോലീസ് സ്റ്റേഷനിൽ പരാതികൊടുക്കാൻ പോയപ്പോൾ അവിടെവച്ചും അയാളെ മർദ്ദിച്ചു. ഇതേപ്പറ്റി പത്രത്തിൽ വാർത്തയുണ്ടായിരുന്നു. പേഴുംമൂട് എന്നുപറയുന്ന പ്രദേശത്ത് ഒരു സൊസൈറ്റിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് രണ്ട് വിഭാഗക്കാർ തമ്മിൽ തർക്കം ഉണ്ടായതിനെത്തുടർന്ന് മുൻ പഞ്ചായത്ത് മെമ്പറും ആർ. എസ്. പി. ക്കാരനുമായ ആ സ്ഥലത്തൊന്നും ഇല്ലാതിരുന്ന പ്രവർത്തകനെ നിർബ്ബന്ധമായി പിടിച്ചുപറിയും മറ്റും നടത്തിയെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ് ഒരുവിഭാഗം സാമൂഹ്യവിരുദ്ധർ കേസിൽപ്പെടുത്തിയിരിക്കുകയാണ്. അതേപ്പറ്റി അന്വേഷിച്ചാൽ സത്യാവസ്ഥ അറിയാം. പോലീസുകാർ നിസ്സഹായരാണ്. സാമൂഹ്യവിരുദ്ധർ അവരുടെമേൽ സമ്മർദ്ദം ചെലുത്തുകയാണ്. അതുപോലെതന്നെ ഒരു കുടുംബവഴക്കിനെ തുടർന്ന് അവിടെ പ്രതിപക്ഷപ്രവർത്തകർക്കെതിരായി കള്ളക്കേസുകൾ എടുക്കാൻ ശ്രമിക്കുന്നു. കാട്ടാക്കടയിൽ രണ്ട് യുവ അഭിഭാഷകർ കോടതിയിൽ പ്രതിക്ക് ജാമ്യം കൊടുക്കാൻപോയപ്പോൾ പോലീസ് സബ് ഇൻസ്പെക്ടർ ഉൾപ്പെടെയുള്ളവർ മർദ്ദിച്ചു. നാലഞ്ചുപേരെ സസ്പെൻഡ്ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായി. പക്ഷെ മേൽനടപടികളൊന്നും ഉണ്ടായില്ല. അതിൽ കോൺഗ്രസ്സുകാരനായ ഒരാൾ ഉണ്ട്. ഒരു വിഭാഗം പോലീസുകാർ സാമൂഹ്യവിരുദ്ധർക്ക് അനുകൂലമായി നിൽക്കുന്ന അവസ്ഥ എന്റെ നിയോജകമണ്ഡലത്തിൽ ഉണ്ട്. രാഷ്ട്രീയപ്രവർത്തകരെ സാമൂഹ്യവിരുദ്ധരിൽ നിന്നും പോലീസുകാരിൽനിന്നും മോചിപ്പിക്കുന്നതിനുള്ള ആത്മാർത്ഥമായ നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒരു കേസ്, ഷാജഹാൻ എന്ന് പറയുന്ന ക്ഷീരോല്പാദക സഹകരണസംഘം സെക്രട്ടറിയും അബ്ദുറഹിമാനും തമ്മിലുണ്ടായ തർക്കമാണ്. പാൽ കൊടുത്തതിനെക്കുറിച്ചുള്ള തർക്കമാണ്. അതിനുശേഷം ഷാജഹാനെ അബ്ദുറഹിമാനും അദ്ദേഹത്തിന്റെ ആളുകളുംചേർന്ന് മർദ്ദിച്ചുവെന്ന പരാതിയും അബ്ദുറഹിമാന്റെ പരാതിയും കിട്ടി. രണ്ടുപേരുടെ പേരിലും പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആരേയും അറസ്റ്റ് ചെയ്തിട്ടില്ല. പരാതി കിട്ടിയാൽ രണ്ടുപേരുടേയും പേരിൽ കേസ് എടുക്കുകയല്ലാതെ മാറ് മാർഗ്ഗമില്ലാത്തതുകൊണ്ടാണ് കേസ് എടുത്തിട്ടുള്ളത്. അതിൽ കൂടുതൽ വകുപ്പുള്ളത് അബ്ദുറഹിമാന്റെ പരാതിയുടെപുറത്ത് ഷാജഹാൻ കൊടുത്ത കേസിലാണ്. സുബൈദാബീവി എന്ന സ്ത്രീയെ ചിലർ ദേഹോപദ്രവംചെയ്യാൻ ശ്രമിച്ചുവെന്ന പരാതി കിട്ടി. അതിൻമേൽ കേസ് എടുത്ത് രണ്ടുകൂട്ടരേയും വിളിച്ച് നിങ്ങൾ വഴക്ക് ഉണ്ടാക്കരുതെന്ന് പറഞ്ഞ് വിട്ടതല്ലാതെ ഒരു കേസും എടുത്തിട്ടില്ല. കാണി സമുദായത്തിൽപ്പെട്ട സരോജിനിയെന്ന പെൺകുട്ടിയെ കാണ്മാനായി. ഈ കുട്ടി ആൽബർട്ടിന്റെ വീട്ടിൽ ജോലിക്കു നിന്നതാണ്. അതുസംബന്ധിച്ച് ബഹളമുണ്ടായി. ആൽബർട്ട് പോലീസ് സ്റ്റേഷനിൽ വിളിച്ച് ഇതെക്കുറിച്ച് അന്വേഷിച്ചുവെന്നുള്ളത് ശരിയാണ്. ആൽബർട്ട് ഇപ്പോഴും നാട്ടിൽതന്നെയുണ്ട്. ആൽബർട്ടിനെ കാണാനില്ലെന്ന പരാതി കൊടുത്തിട്ടില്ല. ആൽബർട്ടിനെ കാണുന്നില്ലെന്ന പരാതി പോലീസ് സ്റ്റേഷനിൽ കിട്ടിയിട്ടില്ലെന്നാണ് റിപ്പോർട്ട്. കാട്ടാക്കട സംഭവത്തെസംബന്ധിച്ച് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. സസ്പെൻഡ് ചെയ്തത് പ്രിലിമിനറി എൻക്വയറിയുടെ അടിസ്ഥാനത്തിലാണ്. വിശദമായ അന്വേഷണം നടത്തണം. കോടതിയിൽ ഹാജരാകുന്ന പോലീസുദ്യോഗസ്ഥൻമാരെ അവിടെയുള്ള ആളുകൾ ഭീഷണിപ്പെടുത്തുന്നുവെന്ന പരാതിയാണ് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നത്. അത് ശരിയായ കീഴ്വഴക്കമല്ല. ആര്യനാട് പ്രദേശങ്ങളിൽ സാമൂഹ്യവിരുദ്ധരുടെ അഴിഞ്ഞാട്ടം അവസാനിപ്പിക്കുന്നതാണ്. പൊതുപ്രവർത്തകർക്കോ രാഷ്ട്രീയപ്രവർത്തകർക്കോ രാഷ്ട്രീയകാരണങ്ങളുടെ പേരിൽ സാമൂഹ്യവിരുദ്ധരിൽനിന്ന് ഇത്തരത്തിൽ നടപടിയുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly